(ബി) പഞ്ചായത്ത് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

പാട്യം	..	1670
മൊകേരി	..	905
പന്ന്യന്നൂർ	..	940
ചൊക്ലി	..	1087
ന്യൂമാഹി	..	453
കരിയാട്	..	631
പെരിങ്ങളം	..	558
പാനൂർ	..	835
കുന്നോത്തുപറമ്പ്	..	1322
തൃപ്രങ്ങോട്ടൂർ	..	602
ആകെ	..	9063

സീനിയോറിറ്റി മറികടന്ന് നിയമനം

50 [4928] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ. രാജപ്പൻ, വൃന്ദാവനം, കോളേജ്‌ലൈൻ, സ്റ്റാച്യൂ, തിരുവനന്തപുരം 21-5-1978-ൽ രജി. നമ്പർ 5722/78 ആയി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, തിരുവനന്തപുരത്ത് പേർ രജിസ്റ്റർ ചെയ്തിരുന്നിട്ടും കഴിഞ്ഞ 27 വർഷമായി ഒരു ഇന്റർവ്യൂവിനുപോലും പ്രസ്തുത വ്യക്തിയെ വിളിച്ചിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 27 വർഷം സീനിയോറിറ്റിയുള്ള ശ്രീ. രാജപ്പനെ മറികടന്ന് മറ്റാർക്കെങ്കിലും നിയമനം നൽകിയിട്ടുണ്ടോ;

(സി) ഇദ്ദേഹത്തെ പരിഗണിക്കാതിരിക്കാൻ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ രജിസ്റ്റർ നമ്പരുകാരനെ എന്ന് ഇന്റർവ്യൂവിന് വിളിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല.

(സി) ശ്രീ. രാജപ്പൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തത് 21-5-1978-ലാണ്. 12-11-1952 ജനനതീയതിയുള്ള ടിയാന് 12-11-1990-ൽ 38 വയസ് പൂർത്തിയായതിനാൽ (നിലവിലുള്ള 18-38 വയസ് നിയമാനുസൃത ഇളവുകൾ പ്രകാരം)

LIBRARY ARCHIVES Kerala Legislative Assembly

1-1-1991 മുതൽ ഫുൾടൈം ജോലികൾക്ക് പരിഗണിക്കുവാൻ കഴിഞ്ഞിരുന്നില്ല. 1976-ൽ രജിസ്ററർ ചെയ്ത ഉദ്യോഗാർത്ഥികളെ ഇത്തരം വേക്കൻസികൾക്ക് തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് ആദ്യമായി പരിഗണിച്ചത് 1994 മുതൽക്കായിരുന്നു. പാർട്ട്ടൈം ഒഴിവുകൾക്കായി തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിരുന്ന ഉദ്യോഗാർത്ഥികളിൽ ഹിന്ദു-വിശ്വകർമ്മ സമുദായത്തിൽ ഏറ്റവും അവസാനം പരിഗണിച്ചിരിക്കുന്നത് 20-7-1974-ൽ രജിസ്ട്രേഷൻ സീനിയോറിറ്റിയുള്ള ഉദ്യോഗാർത്ഥിയെയാണ്.

(ഡി) ശ്രീ. രാജപ്പന് 50 വയസ്സിനുമേൽ പ്രായം ഉള്ളതിനാലും മൂന്നാം സ്റ്റാൻഡേർഡ് വിദ്യാഭ്യാസ യോഗ്യത മാത്രമെ ഉള്ളൂ എന്നതിനാലും നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് ടിയാനെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ഒരു ഒഴിവിലേക്കും നാമനിർദ്ദേശം ചെയ്യുവാൻ കഴിയുകയില്ല.

ഡി.പി.സി. അംഗീകരിച്ചിട്ടുള്ള എംപ്ലോയ്മെന്റ് ഓഫീസർമാരുടെ സീനിയോറിറ്റി ലിസ്റ്റ്

51 [4929] ശ്രീ. സി. ടി. അഹമ്മദ് അലി:
„ സി. മമ്മൂട്ടി:
„ കെ. കുട്ടി അഹമ്മദ് കുട്ടി:
„ പി. കെ. അബ്ദുറബ്ബ്:
„ പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് വകുപ്പിൽ ഡി. പി. സി. അംഗീകരിച്ചിട്ടുള്ള ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാരുടെ സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടോ;

(ബി) ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാരുടെ ഒഴിവുകൾ നികത്തുവാനുള്ള സ്പെഷ്യൽ റൂൾസ് നിലവിലുണ്ടോ;

(സി) ഒഴിവുകൾ നികത്തുന്നതിനു കാലതാമസം വന്നിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഡി.ഇ.ഒ.-മാരുടെ അഭാവം വകുപ്പിന്റെ പ്രവർത്തനത്തെ ബാധിക്കാതിരിക്കാൻ അടിയന്തിരമായി നിയമനം നടത്താമോ;

(ഇ) ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) 2001, 2002, 2003 എന്നീ വർഷങ്ങളിലെ ലിസ്റ്റ് നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly